"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാളയം- എയർപോർട്ട് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 198/05 നമ്പർ കേസിലെ ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി ബാലൻസ് വിധിക്കടത്തുക തിരുവനന്തപുരം ജില്ലാ കളക്ടറുടെ സസ്പെൻസ് അക്കൗണ്ടിൽ നിന്നും അനുവദിക്കുന്നതിന്- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.813/2025/LSGD തീയതി, തിരുവനന്തപുരം, 26-03-2025**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ.198/2005 നമ്പർ കേസിന്മേലുള്ള 28/11/2022 തീയതിയിലെ വിധിന്യായം.
2. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 15/01/2025 -ലെ എ3/2057/2018/ട്രിഡ നമ്പർ കത്ത്.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 15/01/2025-ലെ DCTVM/13548/2024-K9 നമ്പർ കത്ത്.
4. ധനകാര്യ (ഡബ്ല്യൂ.സി.ഡി) വകുപ്പിന്റെ 14/03/2025-ലെ ഡബ്ല്യൂ.സി.ഡി-3/28/2025/ധന നമ്പർ കുറിപ്പ്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാളയം- എയർപോർട്ട് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 198/05 നമ്പർ കേസിലെ ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി ബാലൻസ് വിധിക്കടത്തുകയുടെ 50% തുകയായ 78,90,438/- രൂപ (എഴുപത്തിയെട്ട് ലക്ഷത്തി തൊണ്ണൂറായിരത്തി നാന്നൂറ്റി മുപ്പത്തിയെട്ട് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം(2) & (3) എന്നിവ പ്രകാരം യാഥാക്രമം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2). തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 198/05 നമ്പർ കേസിലെ ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി ബാലൻസ് വിധിക്കടത്തുകയുടെ 50% തുകയായ 78,90,438/- രൂപ (എഴുപത്തിയെട്ട് ലക്ഷത്തി തൊണ്ണൂറായിരത്തി നാന്നൂറ്റി മുപ്പത്തിയെട്ട് രൂപ മാത്രം) തിരുവനന്തപുരം ജില്ലാ കളക്ടറുടെ

സസ്പെൻസ് അക്കൗണ്ടിൽ അനുവദിക്കുന്നതിനായി 8674-00-101-99 എന്ന ശീർഷകത്തിൽ Expenditure Ceiling ഉയർത്തി നൽകിയിട്ടുള്ളതായും ഭരണാനുമതി പുറപ്പെടുവിച്ച് തുക അനുവദിക്കാവുന്നതാണെന്നും പരാമർശം(4) പ്രകാരം ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാളയം - എയർപോർട്ട് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 2026/1, 2, 3, 4, 5, 6, 7, 10, 11 & 2026/12 എന്നിവയിൽപ്പെട്ടതും ശ്രീ. കെ. ചന്ദ്രമോഹൻ, ശ്രീ. കെ. രാജ് മോഹൻ, ശ്രീ. വിജയ് കെ. മോഹൻ എന്നിവരുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 2 ആർ വസ്തു ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 198/05 നമ്പർ കേസിലെ ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി ബാലൻസ് വിധിക്കടത്തുകയുടെ 50% തുകയായ 78,90,438/- രൂപ (എഴുപത്തിയെട്ട് ലക്ഷത്തി തൊണ്ണൂറായിരത്തി നാനൂറ്റി മുപ്പത്തിയെട്ട് രൂപ മാത്രം) തിരുവനന്തപുരം ജില്ലാ കളക്ടറുടെ സസ്പെൻസ് അക്കൗണ്ടായ 8674-00-101-99 എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
ധനകാര്യ വകുപ്പ് (WCD-3/28/2025-FIN dated 14/03/2025).
റവന്യൂ വകുപ്പ് (റവ-ബി3/22/2025-റവ തീയതി 28/01/2025)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ.1/232/2024/ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Signed by

Pradeesh M. സെക്ഷൻ ഓഫീസർ

Date: 26-03-2025 15:26:03